Compounding, etc., Medical Department.

319. മിസ്റ്റർ കെ. പി. വള്ളോൻ.—മെഡിക്കൽഡിപ്പാർട്ട്മെണ്ടിൽ അധഃകൃത വിദ്യാർത്ഥികളെ "കോമ്പൗണ്ടെർമ്മാർ" പഠിക്കുവാൻ "വൊളണ്ടിയർമാരായി നിയമിക്കുകയും അവരുടെ പ്രോത്സാഹനാർത്ഥം സ്റ്റൈപൻറ് കൊടുക്കുകയും ചെയ്യാതിരിക്കുന്നതിനു കാരണ മെന്തു;

(ഛ) ടി ഡിപ്പാർട്ട്മെണ്ടിൽ ഉള്ള ക്ലാർക്ക്മാർക്കും കമ്പൗണ്ടർമാർക്കും ശമ്പളം ഒന്നാണെങ്കിലും കമ്പൗണ്ടർമാർക്കു പ്രത്യേകപാസ്സ് വേണ്ടിവന്നതുകൊണ്ടു അവർക്കു ശമ്പളം കൂട്ടികൊടുക്കാതിരിക്കുന്നതിനുള്ള കാരണമെന്ത്?

ഡാക്ടർ ഡി. രാഘവേന്ദ്ര റാവു.—(ക) പഠിക്കുന്നതിനു പലർക്കും അനുവാദം കൊടുത്തിട്ടുണ്ടു. സ്റ്റൈപൻറ് കൂടാതെ തന്നെ പഠിക്കുവാൻ പല അധഃകൃതരും സന്നദ്ധരായിരിക്കുന്ന ഈ കാലത്ത് സ്റ്റൈപൻറ് കൊടുത്ത് പ്രോത്സാഹിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ലാ.

(ഛ) മെമ്പരുടെ ധാരണ തെറ്റാണ്. ശമ്പളം ഒന്നല്ലാ. ജോലിയും വ്യത്യാസമുണ്ടു. ജോലിക്കടുത്ത ശമ്പളം കൊടുക്കുന്നുമുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly